E 3004 (Pages : 3) Reg. No.....

Name.....

B.Com. DEGREE (C.B.C.S.S.) EXAMINATION, APRIL 2012

Second Semester

Additional Language—Malayalam

ഗദ്യം—രചനയും പ്രയോഗവും

(For Model I B.Com. Programmes)

Time : Three Hours Maximum Weight : 25

നിർദ്ദേശങ്ങൾ :

എ വിഭാഗത്തിലെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. നാലു ഹ്രസ്വോത്തര ചോദ്യങ്ങളടങ്ങിയ നാലു ഖണ്ഡങ്ങളാണ് എ വിഭാഗത്തിലുള്ളത്. ബി വിഭാഗത്തിൽ നിന്ന് **അഞ്ചും** സി വിഭാഗത്തിൽ നിന്ന് **നാലും** ഡി വിഭാഗത്തിൽ നിന്ന് **രണ്ടും** ചോദ്യങ്ങൾക്കുത്തരമെഴുതണം.

എ വിഭാഗം

I. തെറ്റുണ്ടെങ്കിൽ തിരുത്തിയെഴുതുക :

1 എങ്ങിനെ. 2 ഐശ്ചികം.

3 ചെരിവ്. 4 കുഴിയ്ക്കുക.

II. വാക്യഘടന തിരുത്തുക :

5 കുറഞ്ഞത് അമ്പതു രൂപയെങ്കിലും സംഭാവന നല്കണം.

6 ഒന്നോ രണ്ടോ ദിവസങ്ങളിലൊരിക്കൽ ഞാനവിടെ പോകാറുണ്ട്.

7 ചിഹ്നം ചേർക്കുക :

അയ്യോ എന്തൊരു പന്നി

8 ഉചിതമായതു തെരഞ്ഞെടുത്തെഴുതുക :

———— ചണ്ഡാലഭിക്ഷുകി : കോവിലൻ ———— .

(a) വള്ളത്തോൾ. (b) സ്ത്രീ.

(c) കുമാരനാശാൻ. (d) ഒളപ്പമണ്ണ.

1 തോറ്റങ്ങൾ. 2 നാലുകെട്ട്.

3 തെയ്യം. 4 നഞ്ങേമക്കുട്ടി.

$(4 \times 1 = 4)$

III. 9 പ്രത്യക്ഷവിവർത്തനം എന്നാൽ എന്ത് ?

10 മലയാളശൈലി ഉപയോഗിച്ചെഴുതുക.

Who will bell the cat.

Turn over

11 Stored programme എന്ന ആശയം ആദ്യമായി അവതരിപ്പിച്ചതാര് ?

12 ഒരു മെഗാബൈറ്റ് എത്ര കിലോബൈറ്റ് കൂടിയതാണ് ?

IV. 13 ചെസ്സുകളി സംബന്ധിച്ച പ്രോഗ്രാമേത് ?

14 വില്യം ഗിബ്സന്റെ ന്യൂറോമാൻസർ എന്ന ശാസ്ത്രനോവലിൽ നിന്ന് നിത്യവ്യവഹാരത്തിലേക്കു വന്ന പദമേത് ?

15 പിൻകോഡിലെ ആദ്യത്തെ അക്കം ഏതു നമ്പറാണ് ?

16 ഏതു വർഷമാണ് ഇന്ത്യയിൽ പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് സ്ഥാപിതമായത് ?

(4 × 1 = 4)

ബി വിഭാഗം

ചോദ്യം 17 ഉൾപ്പടെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.

17 ഇംഗ്ലീഷിൽ നിന്ന് **മലയാളത്തിലേക്ക്** തർജ്ജമ ചെയ്യുക :

The Reserve Bank of India's second financial stability Report is generally positive. Manitaining and monitoring financial stability has always been a key objective of monetary policy. However, it was only from the middle of 2009 that the Government and the R.B.I. sought to institutionalise the process, making financial stability "an integral driver of the policy framework.

18 "അരണിയിൽ അഗ്നി എന്ന പോലെ അഗ്നിസ്ഫുലിംഗങ്ങൾ വ്യക്തികളിലെല്ലാം അലിഞ്ഞു കിടപ്പുണ്ട്" —ഏതിന്റെ സ്ഫുലിംഗങ്ങൾ ? വിശദീകരിക്കുക.

19 "മുകളിലേക്കു നോക്കി നെടുവീർപ്പിടരുത്, താഴേക്കു നോക്കി ആശ്വസിക്കണം"—ആരെ ആശ്വസിപ്പിക്കാനുള്ള തത്ത്വശാസ്ത്രമാണിത് ? വിശദീകരിക്കുക.

20 വാൻലൂൺ അനശ്വരതയെ നിർവ്വചിച്ചിട്ടുള്ളതെങ്ങനെ ?

21 "പുരുഷനേക്കാൾ സ്ത്രീക്ക് പ്രകൃതിയോട് കൂടുതൽ അടുപ്പമുണ്ടെന്ന് വിശ്വസിക്കുന്നവരാണ് പല ഇക്കോ ഫെമിനിസ്റ്റുകളും"—വിശദീകരിക്കുക.

22 "ഓൺലൈൻ ഡേറ്റബേസി"നെക്കുറിച്ചു വിവരിക്കുക.

23 താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികയിലെ ഭാഷ ആകർഷകമാകും വിധം എഴുതുക.

പ്രതിഭയുടെ പ്രകാശനോപാധികൾ വ്യത്യസ്തമാണ്. ചിലരുടെ പ്രതിഭ ചിത്രകലയിലൂടെ മറ്റു ചിലരുടെ പ്രതിഭ സംഗീതത്തിലൂടെ, ഇനിയും ചിലരുടേത് സാഹിത്യത്തിലൂടെ, പ്രതിമാനിർമ്മാണത്തിലൂടെ, നൃത്തകലയിലൂടെ ആവിഷ്കാരം തേടുന്നു. എല്ലാ കലകളുടെയും തുടക്കം പ്രതിഭയിൽ നിന്നാണ്. മാധ്യമങ്ങൾ വ്യത്യസ്തമാണെന്ന് മാത്രം. ഇമേജ്, ഇമേജറി എന്നീ വാക്കുകൾ ശ്രദ്ധിച്ചിട്ടുണ്ടോ ? മനസ്സിൽ ഒരു ഇമേജ് രൂപകല്പന ഉണ്ടാകുന്നു. അതിനെ ചിത്രമായോ, സംഗീതമായോ, നൃത്തമായോ, കവിതയായോ ആവിഷ്കരിക്കുന്നതാണ് ഇമേജറി അതായത് ഇമാജിനേഷൻ.

24 മുന്നിലൊന്നായി സംഗ്രഹിക്കുക :

ഹരിതനിറം മായാത്ത ഭൂമിക്കുവേണ്ടി പ്രാർത്ഥനയോടെ സൈക്കിളിൽ ഭാരതപര്യടനം നടത്തുകയാണ് അൻപു ചാൾസ് എന്ന 53 വയസ്സുകാരൻ. അൻപുവിന്റെ ജീവിതത്തെ ഇപ്പോൾ കറങ്ങിക്കൊണ്ടിരിക്കുന്ന സൈക്കിളിലാണ്.

ഇന്ത്യയിലാകമാനം പര്യടനം നടത്തിയിട്ടുള്ള അൻപു 2005 ഏപ്രിൽ 28 നാണ് സൈക്കിളുമായി വീടു വിട്ടിറങ്ങിയത്. ഇതിനിടെ 20 സംസ്ഥാനങ്ങളിലായി 42,600ൽ പരം കിലോമീറ്ററുകൾ താണ്ടി കഴിഞ്ഞു. പ്രകൃതി പിച്ചി ചീന്തിയ സുനാമിയാണ് തമിഴ്നാട് നാമക്കൽ സ്വദേശിയായ ഇദ്ദേഹത്തെ ഇത്തരം പര്യടനത്തിന് പ്രേരിപ്പിച്ചത്. പ്രകൃതിക്ക് കോട്ടം വരുത്താത്ത വാഹനം എന്ന നിലയ്ക്കാണ് തന്റെ പര്യടനം സൈക്കിളിലാക്കിയതെന്ന് അൻപു പറയുന്നു.

ഗ്രാമങ്ങളിലൂടെ യാത്ര ചെയ്ത് അവിടെ സ്വയം പരിചയപ്പെടുത്തി മാലിന്യമുക്ത ഭൂമിക്കായുള്ള ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയാണ് ചെയ്യാറ്. കാസർകോട് വഴി കേരളത്തിലെത്തിയ ഇദ്ദേഹം സ്കൂളുകളിലും കോളേജുകളിലും ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്.

(5 × 1 = 5)

സി വിഭാഗം

ചോദ്യം 25 ഒഴിവാക്കാതെ ഏതെങ്കിലും **നാലെണ്ണത്തിന്** നൂറു വാക്കിൽ കവിയാത ഉത്തരമെഴുതുക.

25 പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷകൾക്കു വേണ്ടി സ്പെഷൽ കോച്ചിംഗ് നല്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പ്രിൻസിപ്പാളിന് കത്തു തയ്യാറാക്കുക.

സൂചനകൾ കുടുംബപശ്ചാത്തലത്തിലെ നിരക്ഷരത-സാമൂഹിക പിന്നോക്കാവസ്ഥ—ഉയരങ്ങൾ കീഴടക്കാനുള്ള ആത്മവിശ്വാസവും പിന്തുണയും ഉണ്ടാക്കേണ്ടതിന്റെ പ്രാധാന്യം.

26 "ഏതൊരു സമൂഹത്തിലെ സ്ത്രീകൾ സന്യാസികളാകുന്നുവോ ആ സമൂഹം അറ്റു പോകും. വയലുകൾ തരിശാകുന്നതുപോലെ"—ആരുടെ വാക്കുകളാണിത് ? ആശയമെന്ത് ?

27 പ്ലാവിന്റെ ദുഃഖത്തെ ഒരു സമുദായത്തിന്റെ ദുഃഖമായി നാരായൻ അടയാളപ്പെടുത്തിയതെങ്ങനെ ?

28 മലയാളം പോലുള്ള സിനിമാനാംസ്കാരങ്ങളിൽ ടെലിവിഷൻ കൊണ്ടുവന്ന ത്വരകപ്രക്രിയ സവിശേഷരീതിയിലുള്ളതായിരുന്നു—വിശദമാക്കുക.

29 "അമ്മയ്ക്കും ഞങ്ങൾ കുട്ടികൾക്കും അച്ഛൻ തന്ന വരദാനം അതായിരുന്നില്ലേ"—ഏതാണാവരദാനം ?

30 "രണ്ട് വിപത്തുകൾക്കിടയിലാണ് സർഗാത്മക കാലം എന്ന കാഴ്ച തന്നതും ഈ കഥയാണ്"—ഏതു കഥ ? കാഴ്ചയെന്ത് ?

(4 × 2 = 8)

ഡി വിഭാഗം

ചോദ്യം 31 ഉൾപ്പടെ **രണ്ടെണ്ണത്തിന്** നാനൂറു വാക്കിൽ (നാലു പേജ്) കവിയാത ഉത്തരമെഴുതുക.

31 "നമ്മുടെ ഭരണഘടനയിലെ മതേതരത്വ സങ്കല്പം അയർലാണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളുടേതിൽ നിന്നും വ്യത്യസ്തമാണ്"—വിശകലനം ചെയ്യുക.

32 ജനാധിപത്യവും മതതീവ്രവാദവും.

33 ഇന്ത്യൻ കാർഷികമേഖലയുടെ ദയനീയാവസ്ഥ.

(2 × 4 = 8)